# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2200 **17.02.2016** ൽ മറുപടിയ്ക്ക്

## ധാതുമണൽ സമ്പത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ.ഖാദർ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | ധാതുമണൽ സമ്പത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ധാതുമണൽ ഓഡിറ്റിംഗ് സംവിധാനം നിലവിലുണ്ടോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്മെന്റ് ഓഫ് അറ്റോമിക് എനർജിയുടെ കീഴിലുള്ള അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ലോറേഷൻ ആന്റ് റിസർച്ച് സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെ ധാതുമണൽ സമ്പത്തിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാർ മൂന്ന് സമിതികളെ നിയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്. ഓരോ കമ്മിറ്റിയും സമർപ്പിച്ച ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.<br><br><u>സർവ്വശ്രീ. ടി.എം.മഹാദേവൻ, കെ.കൃഷ്ണൻ ഉണ്ണി, ആർ.ആർ.നായർ എന്നിവരുൾപ്പെട്ട വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ</u><br>1. കടൽ തീരങ്ങളിൽ കാലവർഷത്തെ തുടർന്ന് ശേഖരിക്കപ്പെടുന്ന ധാതുമണൽ ഉപരി തലത്തിൽ നിന്നും അര മീറ്റർ താഴ്ചയിൽ യന്ത്രസാമഗ്രികളുടെ ഉപയോഗം കൂടാതെ ശേഖരിക്കാവുന്നതാണ്.<br>2. കായംകുളം-ആറാട്ടുപുഴയ്ക്ക് മദ്ധ്യേയുളള 400 മീറ്ററോ അതിൽ കൂടുതലോ ഉള്ള ബാരിയർ ബീച്ചിൽ നിന്നു മാത്രമേ ധാതുമണൽ ശേഖരണം നടത്താവൂ. ഇത്തരം പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ്-കോൺസൺട്രേറ്റിംഗ് മെഷനറി ഉപയോഗിക്കണം.<br>3. കായംകുളം പൊഴി, കായൽ, കനാൽ എന്നിവിടങ്ങളിൽ ചെറിയ തോതിൽ ജാഗ്രത പാലിച്ച് മാത്രമേ ഖനനം നടത്താവൂ. ഇത്തരം ഖനനം പരിസ്ഥിതിയെ |

| | | | |
|---|---|---|---|
| | | | ബാധിക്കുന്നില്ല.<br><br>പ്രൊഫ.കെ.വി.ത്രിവിക്രമജി, ഡോ: സി.ജി.നമ്പ്യാർ, ശ്രീ.എൻ.കൃഷ്ണകുമാർ എന്നിവരുടെ റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ<br>1. ഖനനം പരിസരവാസികളുടെ ദൈനംദിന ജീവിത രീതികളെ ചെറിയ തോതിൽ ബാധിക്കുമെങ്കിലും വ്യക്തമായ ആസൂത്രണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.<br>2. വ്യക്തമായ, മുൻകൂട്ടി നിശ്ചയിച്ച പദ്ധതികളിലൂടെ മാത്രമേ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള ഖനന പ്രക്രിയകൾ നടത്താവൂ.<br><br>ജസ്റ്റിസ്.കെ.ജോൺ മാത്യു, ഡോ:കെ.കെ.ദിവേദി, ശ്രീ.ബി.സി.പോഡാർ എന്നിവരുടെ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസ്കതഭാഗങ്ങൾ<br>1. ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരപ്രദേശത്തുനിന്നും സ്ക്രാപിംഗ് രീതി അനുവർത്തിച്ചു കൊണ്ട് 30 സെ.മീറ്റർ ആഴത്തിൽ ധാതുമണൽ നീക്കം ചെയ്യാവുന്നതാണ്. കൂടാതെ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചു കൊണ്ട് ഉൾപ്രദേശങ്ങളിൽ ചെറു സെക്ടറുകളായി തിരിച്ച് ഡ്രഡ്ജിംഗ് നടത്താവുന്നതാണ്.<br>2. കായലിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പക്ഷം യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ കുട്ടകൾ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതാണ്. ടി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് നിലവിൽ കരിമണൽ ഖനനം നടക്കുന്നത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്തിനുമാണ് തീരപ്രദേശത്ത് ഖനനാനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈ ധാതുമണൽ ശേഖരത്തിന്റെ ചെറിയ ഒരളവ് മാത്രമേ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുവാൻ സാധിക്കുന്നുള്ളൂ. വിവിധ പ്രാദേശിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലമാണ് പൂർണ്ണതോതിലുള്ള ധാതുമണൽ ശേഖരം നടക്കാത്തത്.<br><br>നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് |

| | | | |
|---|---|---|---|
| | | | ധാതുമണൽ സമ്പത്തിന്റെ വ്യാപ്തി, അവ ഉപയോഗപ്പെടുത്തുന്നതിനായുള്ള സാധ്യതയെയും പറ്റി പഠനം നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് (ഐ.ആർ.ഇ.എൽ) അവരുടെ മിനറൽ സെപറേഷൻ പ്ളാന്റിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിച്ചു. മൈനിംഗ് ലീസ് ഉള്ള വിവിധ പ്രദേശങ്ങളിലെ ഭൂമി ഐ.ആർ.ഇ.എൽ വിലയ്ക്ക് വാങ്ങി കൊണ്ടിരിക്കുന്നു.<br>ധാതുമണൽ ഓഡിറ്റിംഗ് സംവിധാനം നിലവിലില്ല. |
| (ബി) | ധാതുമണൽ ഖനനം ചെയ്യുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ധാതുമണൽ ഖനനം ചെയ്യുന്നതിന് സ്വകാര്യ ഏജൻസികൾക്കൊന്നും തന്നെ ഈ സർക്കാർ ഖനനാനുമതി നൽകിയിട്ടില്ല. |
| (സി) | ധാതുമണൽ അനധികൃതമായി കടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസുകളിൽ കർശന നടപടി സ്വീകരിക്കാറുണ്ടോ എന്നറിയിക്കുമോ; | (സി) | അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടു പോകുന്നുവെന്ന് പത്രവാർത്തകൾ വന്നതിനെ തുടർന്ന് കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാകളക്ടർ എന്നിവരെ വിവരം അറിയിക്കുകയും ധാതു കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃത ധാതുമണൽ കടത്ത് തടയുന്നതിനായി കരുനാഗപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ്, ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ് എന്നിവ നിലവിലുണ്ട്. കൂടാതെ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ദക്ഷിണ മേഖല മിനറൽ സ്ക്വാഡ്, കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി വരുന്നുണ്ട്. കൂടാതെ ഈ സ്ഥലത്ത് പോലീസ് പട്രോളിംഗ് നടത്തി വരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഈ നടപടികൾ പര്യാപ്തമാണ്. എന്നിരുന്നാലും റവന്യ വകുപ്പ്, പോലീസ് വകുപ്പ്, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവരടങ്ങുന്ന സംയുക്ത പട്രോളിംഗ് സ്ക്വാഡ് രൂപീകരിക്കുന്നതിനും തോട്ടപ്പള്ളി മുതൽ നീണ്ടകര വരെയുള്ള തീരദേശത്ത് കോസ്റ്റൽ പോലീസിനെ കൊണ്ട് പട്രോളിംഗ് നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| [ഡി) | ധാതുമണൽ സമ്പത്ത് സംരക്ഷിക്കുന്നതിനും വ്യാവസായികമായ ആവശ്യങ്ങൾക്ക് പരമാവധി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**